**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3051 — 07/11/2019-ൽ മറുപടിയ്ക്ക്

**പ്രീ-പ്രൈമറി സ്കൂൾ വിദ്യാഭ്യാസം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.കെ. ബാബു** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എസ്.സി.ഇ.ആർ.ടി.യെ ചുമതല പ്പെടുത്തിയത് പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ഇല്ല. ദേശീയ പ്രീസ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയ പശ്ചാത്തലം, പ്രീസ്കൂൾ വിദ്യാഭ്യാസം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി മാറിയ പശ്ചാത്തലം എന്നിവ കൂടി പരിഗണിച്ച് എസ്.സി.ഇ.ആർ.ടി. റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) പ്രവേശനത്തിന് അഭിമുഖം പാടില്ലെന്നും പ്രീ-പ്രൈമറി സ്കൂളുകളിൽ എഴുത്ത്, വാചിക പരീക്ഷകൾ പാടില്ലെന്നുമുള്ള എൻ.സി.ഇ.ആർ.ടി. നിർദ്ദേശം സംസ്ഥാനത്തെ സ്വകാര്യ പ്രീ-പ്രൈമറി സ്കൂളുകൾ പാലിക്കുന്നു ണ്ടെന്ന് ഉറപ്പുവരുത്താനായിട്ടുണ്ടോ; | (ബി) പ്രീസ്കൂൾ പാഠ്യപദ്ധതിയിൽ 'പ്രീസ്കൂൾ വ്യവസ്ഥാപനം' എന്ന 9-ാം യൂണിറ്റിൽ പ്രീസ്കൂളുകളിൽ എഴുത്തു പരീക്ഷ, ഔപചാരിക പരീക്ഷകൾ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) പ്രീ-സ്കൂൾ വിദ്യാഭ്യാസവും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാകണ മെന്ന കേന്ദ്രസർക്കാർ നിർദ്ദേശ ത്തിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (സി) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ ത്തോടൊപ്പം പ്രീസ്കൂൾ വിദ്യാഭ്യാസ ത്തെയും പരിഷ്കരിക്കുന്നത് പരിഗണി ക്കുന്നതാണ്. |

Reena
സെക്ഷൻ ഓഫീസർ